പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 209 — 08.06.2015 ൽ മറുപടിയ്ക്ക്

## ആലപ്പുഴ സായി കേന്ദ്രത്തിലെ ആത്മഹത്യ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.സുധാകരൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ സായി കേന്ദ്രത്തിൽ ഉണ്ടായ ആത്മഹത്യയെക്കുറിച്ചും ആത്മഹത്യാശ്രമത്തെക്കുറിച്ചും ആഭ്യന്തര വകുപ്പ് അന്വേഷിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) അന്വേഷണം നടത്തുന്നുണ്ട്. ആലപ്പുഴ സായി കേന്ദ്രത്തിൽ വച്ച് ദേശീയ കായികതാരങ്ങളായ അപർണ്ണാരാമഭദ്രൻ, സബിത, ശില്പ, ട്രീസ എന്നിവർ 06.05.15 വൈകി 3 മണിയോടു കൂടി വിഷം കഴിച്ച നിലയിൽ കാണപ്പെടുകയും ഇതിൽവെച്ച് അപർണ്ണ എന്ന പെൺകുട്ടി മരണപ്പെടുകയും ആയതിന് ആലപ്പുഴ നോർത്ത് പി.എസ്.ക്രൈം.554/15 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും, ടി കേസിന്റെ ഇപ്പോഴത്തെ അന്വേഷണം ആലപ്പുഴ ജില്ലാ ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി. നടത്തി വരുന്നതുമാണ്. |
| (ബി) സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) ടി കേസിന്റെ അന്വേഷണം നടന്നു വരികയാണ്. അന്വേഷണത്തിൽ ആരെങ്കിലും കുറ്റക്കാരായി കണ്ടെത്തുകയാണെങ്കിൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ഒറ്റപ്പെട്ട സ്ഥലത്ത് സ്ഥിതിചെയ്യുന്ന സായി ഹോസ്റ്റലിന്റെ സുരക്ഷയ്ക്ക് ആഭ്യന്തര വകുപ്പ് എന്ത് നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ഒറ്റപ്പെട്ട സ്ഥലത്ത് സ്ഥിതി ചെയ്യുന്ന സായി ഹോസ്റ്റലിന്റെ സുരക്ഷയ്ക്ക് ടൂറിസം പോലീസിന്റെ സഹായത്തോടെ ബോട്ട് പട്രോളിംഗ് നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ